## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം 268 * 18.06. 2019 ൽ മറുപടിയ്ക്ക്

### വിദ്യാഭ്യാസ അവകാശ നിയമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. പി.കെ. ശശി<br>ശ്രീ. സി.കൃഷ്ണൻ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ മന്ത്രി) |
| (എ) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം സ്കൂളുകൾക്ക് അംഗീകാരം ലഭിക്കാനോ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., ഐ.എസ്.സി. തുടങ്ങിയ ബോർഡുകളിൽ നിന്ന് അഫിലിയേഷൻ നേടാനായി നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭിക്കാനോ പാലിച്ചിരിക്കേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (എ) സംസ്ഥാന സിലബസിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് സംസ്ഥാന സർക്കാരിന്റെ അംഗീകാരം നൽകുന്നതിനും, സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ., അഫിലിയേഷൻ ലഭിക്കുന്നതിനുള്ള എൻ.ഒ.സി നൽകുന്നതിനുമായി അതാത് സമയങ്ങളിൽ സർക്കാർ ഉത്തരവിലൂടെ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയാണ് ചെയ്യുന്നത്. നിലവിൽ, 01/03/2019 ലെ സ.ഉ. (കൈ) നം. 22/2019/G.Edn പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. |
| (ബി) അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ പൂട്ടണമെന്ന കോടതി-യുത്തരവിന്റെയും വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥയുടെയും അടിസ്ഥാനത്തിൽ സ്വീകരിച്ചുവരുന്ന നടപടി അറിയിക്കാമോ; എത്ര സ്കൂളുകൾ അംഗീകാരമില്ലാത്തതായുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്; | (ബി) അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചുപൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ, അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അടച്ചുപൂട്ടൽ നോട്ടീസ് വിദ്യാഭ്യാസ ഓഫീസർമാർ നൽകിയിരുന്നു. പ്രസ്തുത നോട്ടീസ് ലഭിച്ച സ്കൂളുകൾ ബഹു.ഹൈക്കോടതിയെ സമീപിക്കുകയും ആയതിന്മേൽ സ്റ്റേ ഉത്തരവ് വാങ്ങുകയുണ്ടായി. ഇക്കാര്യത്തിൽ 2017-18 അധ്യയന വർഷം അടച്ചുപൂട്ടൽ നടപടി ഉണ്ടാവുകയില്ലായെന്ന് സർക്കാർ ബഹു.ഹൈക്കോടതിയെ അറിയിക്കുകയും |

അടച്ചുപൂട്ടൽ നടപടി താൽക്കാലികമായി നിർത്തി വയ്ക്കുന്നതിനുള്ള സാഹചര്യമുണ്ടാവുകയും ചെയ്തു. അടച്ചുപൂട്ടൽ നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിലുള്ള കണക്കു പ്രകാരം സംസ്ഥാനത്ത് 1585 സ്കൂളുകൾ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| (സി) | വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അൺ എയ്ഡഡ് സ്കൂളുകളിലെയും അധ്യാപകരുടെ ശമ്പളം നിശ്ചയിക്കാൻ സംസ്ഥാന സർക്കാരിനുള്ള അധികാരത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാൻ സാധ്യമാകുമോ എന്ന് പരിശോധിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്. സംസ്ഥാനത്തെ അംഗീകാരമുള്ള അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണവും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുന്നതിന് അധ്യാപകർക്ക് മിനിമം വേതനം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഒരു പുതിയ നിയമ നിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പ് ലഭ്യമാക്കിയ 'കേരള പെയ്മെന്റ് ഓഫ് മിനിമം വേജസ് ടു ടീച്ചേഴ്സ് ഓഫ് അൺ എയ്ഡഡ് ഇൻസ്റ്റിറ്റ്യൂഷൻ' എന്ന പേരിലുള്ള കരട് ബിൽ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ